പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2020 — 17.12.2012 ൽ മറുപടിക്ക്

## അന്യസംസ്ഥാന തൊഴിലാളികൾ മൂലമുണ്ടാകുന്ന ക്രമസമാധാന പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) അന്യസംസ്ഥാന തൊഴിലാളികൾ മൂലമുണ്ടാകുന്ന ക്രമസമാധാന പ്രശ്നങ്ങൾ ഈ സർക്കാരിന്റെ കാലത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ജില്ല തിരിച്ചുള്ള കണക്കുകൾ വിശദമാക്കുമോ ; | (എ) ഉണ്ട്. പോലീസ് ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.<br>തിരുവനന്തപുരം സിറ്റി - 12<br>തിരുവനന്തപുരം റൂറൽ - 7<br>കൊല്ലം സിറ്റി - 6<br>പത്തനംതിട്ട - 21<br>ആലപ്പുഴ - 11<br>കോട്ടയം 24<br>ഇടുക്കി -1<br>എറണാകുളം സിറ്റി - 36<br>എറണാകുളം റൂറൽ - 23<br>തൃശ്ശൂർ സിറ്റി -7<br>തൃശ്ശൂർ റൂറൽ - 20<br>പാലക്കാട് -11<br>മലപ്പുറം - 38<br>കോഴിക്കോട് സിറ്റി - 3<br>കണ്ണൂർ - 15<br>കാസർഗോഡ് - 6 |
| (ബി) ഇത്തരം അതിക്രമങ്ങൾ ഫലപ്രദമായി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (ബി) അതിക്രമങ്ങൾ ഫലപ്രദമായി തടയുന്നതിന് അന്യസംസ്ഥാന തൊഴിലാളികളുടെ പൂർണ്ണവിവരങ്ങൾ ശേഖരിച്ചു വരുന്നു. ഇതു കൂടാതെ അന്യസംസ്ഥാന തൊഴിലാളിയുടെ പേര്, അച്ഛന്റെ പേര്, ഉയരം, നിറം, സ്ഥിരമായ വിലാസം, സംസ്ഥാനത്തിന്റെ പേര്, തിരിച്ചറിയൽ കാർഡ് നമ്പർ, പ്രദേശിക വിലാസം, കോൺട്രാക്ടറുടെ പേര്, ഏജൻസിയുടെ പേര്, |

ജോലി ചെയ്യുന്ന സ്ഥലം, ജോലിയുടെ സ്വഭാവം, വിരലടയാളം, ഫോട്ടോ തുടങ്ങിയ വിശദവിവരങ്ങൾ അടങ്ങിയ രജിസ്റ്റർ എല്ലാ പോലീസ് സ്റ്റേഷനുകളിലും സൂക്ഷിച്ച് വരുന്നുണ്ട്.

(സി) റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻ ഓഫ് സർവ്വീസ് അനുശാസിക്കുന്ന നിയമപരിരക്ഷ അന്യസംസ്ഥാന തൊഴിലാളികൾക്ക് നൽകിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(സി) യും (ഡി) യും: അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമം വ്യവസ്ഥ ചെയ്യുന്ന എല്ലാ പരിരക്ഷകളും അന്യസംസ്ഥാന തൊഴിലാളികൾക്ക് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ